# തൊളിക്കോട് ഗ്രാമപഞ്ചായത്ത്

തിരുവനന്തപുരം ജില്ല | ഭരണചരിത്രം (Administrative History)

## ഭരണചരിത്രത്തിലേക്ക് ഒരു കണ്ണോട്ടം

തൊളിക്കോട് ഗ്രാമപഞ്ചായത്തിന്റെ രൂപീകരണം മുതൽ ജനകീയാസൂത്രണ പ്രസ്ഥാനത്തിലൂടെയും വിവിധ വികസന പദ്ധതികളിലൂടെയും പഞ്ചായത്ത് കൈവരിച്ച ഭരണപരമായ വളർച്ചയുടെയും വികസന മുന്നേറ്റങ്ങളുടെയും സമഗ്രമായ വിവരണം താഴെ നൽകുന്നു.

**1979 - 1982**

### ആദ്യ പഞ്ചായത്ത് കമ്മിറ്റി

പഞ്ചായത്ത് രൂപീകരണത്തിന് ശേഷമുള്ള ആദ്യ കമ്മിറ്റി **ശ്രീ എസ്. കെ ആശാരിയുടെ** നേതൃത്വത്തിലുള്ളതായിരുന്നു. (ഭരണകാലയളവ്: 29.09.1979 മുതൽ 10.12.1982 വരെ).

10.12.1982-ൽ ഒരംഗം കൂറു മാറിയതിനെ തുടർന്ന് അവിശ്വാസപ്രമേയം വരികയും ശ്രീ. എസ്.കെ ആശാരി പ്രസിഡന്റ് സ്ഥാനം രാജിവയ്ക്കുകയും ചെയ്തു. തുടർന്ന് **ശ്രീ എം. അബ്ദുൽ ഖനി** പ്രസിഡന്റായും **ശ്രീ പി. പുഷ്പാംഗദൻ** വൈസ് പ്രസിഡന്റായും ചുമതലയേറ്റു.

**കമ്മിറ്റി അംഗങ്ങൾ (1979-1982):**

തേവൻപാറ - റ്റി. എം സാലി, ആനപ്പെട്ടി - എം. അബ്ദുൽ ഖനി, പുളിച്ചാമല - എസ്. കെ ആശാരി, ചായം - ജി. രവീന്ദ്രൻ നായർ (ചാരുപാറ രവി), തോട്ടുമുക്ക് - വി. പുരുഷോത്തമൻ, മലയടി - പി. പുഷ്പാംഗദൻ, ചെട്ടിയാംപാറ - പി. കെ. അമ്മുക്കുട്ടി, ചെറുവക്കോണം - റ്റി. രാജൻ, പനയ്ക്കോട് - എം. പ്രതാപചന്ദ്രൻ നായർ.

1984 - 1994

## രണ്ടാം ഭരണസമിതിയും താലൂക്ക് ഓഫീസർ ഭരണവും

**30.10.1984 മുതൽ 02.02.1988 വരെ:** പഞ്ചായത്തിന്റെ ഭരണം നെടുമങ്ങാട് താലൂക്ക് പഞ്ചായത്ത് ഓഫീസറുടെ നേരിട്ടുള്ള നിയന്ത്രണത്തിലായിരുന്നു.

**06.02.1988 മുതൽ 27.07.1993 വരെ: ശ്രീ എം. അബ്ദുൽ ഖനി** പ്രസിഡന്റായും **പി. സുശീല** വൈസ് പ്രസിഡന്റായും ഭരണം നടന്നു. 27.07.1993-ൽ അവിശ്വാസ പ്രമേയത്തെ തുടർന്ന് ശ്രീ. അബ്ദുൽ ഖനി രാജിവെച്ചു.

**10.12.1994:** ആർക്കും ഭൂരിപക്ഷം ഇല്ലാത്ത സാഹചര്യത്തിൽ ഭരണം വീണ്ടും നെടുമങ്ങാട് താലൂക്ക് പഞ്ചായത്ത് ഓഫീസറുടെ നിയന്ത്രണത്തിലായി.

**കമ്മിറ്റി അംഗങ്ങൾ (1988-1993):**

തേവൻപാറ - പി. എം. ഇസ്മായിൽ, ആനപ്പെട്ടി - എം. അബ്ദുൽ ഖനി, പുളിച്ചാമല - എസ്. കെ ആശാരി, ചായം - എൻ. ശശിധരൻ നായർ, തോട്ടുമുക്ക് - ബി. വേണുഗോപാലൻ നായർ, വിനോബാനികേതൻ - ആർ. കൃഷ്ണൻനായർ, മലയടി - പി. സുശീല, ചെട്ടിയാംപാറ - സി. പൊന്നമ്മ, പനയ്ക്കോട് - വിജയകുമാരൻ നായർ, തൊളിക്കോട് - എൽ. സുകുമാരൻ.

1995 - 10-ാം പദ്ധതി കാലഘട്ടം

## ശോഭന ജോർജ്ജ് & പി. പുഷ്പാംഗദൻ ഭരണസമിതികൾ

**04.05.1995 മുതൽ: ശോഭന ജോർജ്ജ്** പ്രസിഡന്റായും **എ. ഷിഹാബുദ്ദീൻ** വൈസ് പ്രസിഡന്റായും **പി. പുഷ്പാംഗദൻ** ഏക സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാനായും ചുമതലയേറ്റു.

തുടർന്ന് നടന്ന തെരഞ്ഞെടുപ്പിൽ വാർഡുകൾ 10-ൽ നിന്നും 13 ആയി ഉയർന്നു. **ശ്രീ. പി. പുഷ്പാംഗദൻ** പ്രസിഡന്റായും **ശ്രീമതി നസീമ ഇസ്മായിൽ** വൈസ് പ്രസിഡന്റായും തിരഞ്ഞെടുക്കപ്പെട്ടു.

> **ചരിത്രപരമായ നേട്ടം:** ഈ കാലയളവിലാണ് ധനകാര്യം, വികസനം, ക്ഷേമകാര്യം എന്നീ മൂന്ന് സ്റ്റാൻഡിംഗ് കമ്മിറ്റികൾ രൂപീകൃതമാകുന്നത്. 10-ാം പദ്ധതി (കേരള വികസന പദ്ധതി) കാലയളവിൽ സംസ്ഥാനതല സമാപന ചടങ്ങ് തൊളിക്കോട് പഞ്ചായത്തിലാണ് നടന്നത്. ബഹു. കേരള ഗവർണർ ശ്രീ. സിക്കന്തർ ബക്ത് ഉദ്ഘാടനം ചെയ്ത ചടങ്ങിൽ ഏഴ് സംസ്ഥാന മന്ത്രിമാരും എം.എൽ.എമാരും പങ്കെടുത്തു.

**സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാന്മാർ & പ്രധാന അംഗങ്ങൾ:**

**ധനകാര്യം:** നസീമ ഇസ്മായിൽ (വൈസ് പ്രസിഡന്റ്) | **വികസനം:** പി. വി. അശോകൻ | **ക്ഷേമകാര്യം:** എൻ. എം. സാലി
**അംഗങ്ങൾ:** ആർ. സി. വിജയൻ, വി. സുകുമാരൻ നായർ, ജെ. അശോകൻ, എസ്. സത്യഭാമ, അഡ്വ. ആർ. സാബു, കെ. സത്യഭാമ, കെ. പങ്കജാക്ഷൻ, സ്വപ്ന വിജയരാജ്, എ. നുസൈഫ ബീവി.

11-ാം പഞ്ചവത്സരപദ്ധതി

## പി. എം. പ്രകാശ് ഭരണസമിതി (15 വാർഡുകൾ)

ജനകീയാസൂത്രണം രണ്ടാം ഘട്ട പദ്ധതിയായി നടപ്പിലാക്കിയ കാലയളവ്. തൊളിക്കോട് പഞ്ചായത്ത് പ്രസിഡന്റ് സ്ഥാനം പട്ടികവർഗ്ഗ സംവരണമായതിനെ തുടർന്ന് **ശ്രീ. പി. എം പ്രകാശ്** പ്രസിഡന്റായി. **ശ്രീ. സി. പ്രഭാകരൻ** വൈസ് പ്രസിഡന്റായി ചുമതലയേറ്റു. ഈ കാലയളവിൽ വാർഡുകളുടെ എണ്ണം 15 ആയി വർദ്ധിച്ചു. പ്രശസ്തമായ **ഇ. എം. എസ് ഭവനപദ്ധതി** ആരംഭിച്ചത് ഈ കാലയളവിലാണ്.

**നേതൃത്വം & വാർഡ് മെമ്പന്മാർ:**

**വികസന കാര്യം:** മാങ്കാട് വി. സുകുമാരൻ നായർ | **ക്ഷേമകാര്യം:** ആർ. സി. വിജയൻ
**മെമ്പന്മാർ:** ജോൺ സാമുവൽ റഹൂലസ് (തേവൻപാറ), അബ്ദുൽ സലാം (ആനപ്പെട്ടി), കുമാരി വി. എസ്. ശാന്തി (തുരുത്തി), കെ. ജി. ബാലചന്ദ്രൻ നായർ (പുളിച്ചാമല), എ. നുസൈഫാബീവി (പുളിമൂട്), പി. പുഷ്പാംഗദൻ (മലയടി), എസ്. എസ്. പ്രേംകുമാർ (വിനോബാനികേതൻ), എസ്. മഞ്ജുഷ (തച്ചൻകോട്), ബി. സുമംഗല (ചെട്ടിയാംപാറ), അജിത സുരേഷ്കുമാർ (കണിയാരംകോട്), എ. ഷറഫുദ്ദീൻ (തൊളിക്കോട്).

12-ാം പഞ്ചവത്സരപദ്ധതി

## എസ്. എസ്. പ്രേംകുമാർ ഭരണസമിതി & പ്രധാന വികസനങ്ങൾ

**എസ്. എസ്. പ്രേംകുമാർ** പ്രസിഡന്റായും ആദ്യ 2 വർഷം **ലൈല ഹനീഫ്**, തുടർന്ന് 3 വർഷം **ആർ. ശോഭനകുമാരി** എന്നിവർ വൈസ് പ്രസിഡന്റുമാരായും പ്രവർത്തിച്ചു.

**പ്രധാന നേട്ടങ്ങൾ:**

- സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ എണ്ണം 3-ൽ നിന്നും 4 ആയി ഉയർത്തി.
- പാലിയേറ്റീവ് കെയർ പ്രവർത്തനം ആരംഭിച്ചു (ജില്ലയിൽ രണ്ടാം സ്ഥാനം നേടി).
- മാതൃകാപരമായ പട്ടികവർഗ്ഗ ആശ്രയ പദ്ധതി നടപ്പിലാക്കി.
- ഗ്രാമപഞ്ചായത്തിന് സ്വന്തമായി ബഹുനില മന്ദിരം നിർമ്മിച്ചു.

**സ്റ്റാൻഡിംഗ് കമ്മിറ്റി നേതൃത്വം:**

**ധനകാര്യം:** വൈസ് പ്രസിഡന്റ് | **വികസനം:** മാങ്കാട് സുകുമാരൻ നായർ | **ക്ഷേമകാര്യം:** ശ്രീകലാമോഹൻ (പിന്നീട് ഷംന നവാസ്) | **ആരോഗ്യ വിദ്യാഭ്യാസം:** ആർ. സി. വിജയൻ
**അംഗങ്ങൾ:** എസ്. എസ്. ഗീതാകുമാരി, എസ്. ശിവാനന്ദൻ, എ. അൻസർ, എസ്. വത്സലകുമാരി, ജി. ജയകുമാർ (ഉപതെരഞ്ഞെടുപ്പിലൂടെ), പി. വി. അശോകൻ, വി. ജെ. സുരേഷ്, എസ്. ഷീല, ഷംന നവാസ്, ഷെമി ഷംനാദ്.

13-ാം പഞ്ചവത്സരപദ്ധതി

## ഷംന നവാസ് ഭരണസമിതി

13-ാം പഞ്ചവത്സരപദ്ധതി കാലയളവിൽ തൊളിക്കോട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സ്ഥാനം വനിതാ സംവരണമായതിനെ തുടർന്ന് **ശ്രീമതി. ഷംന നവാസ്** പ്രസിഡന്റായും **ശ്രീ. ആർ. സി. വിജയൻ** വൈസ് പ്രസിഡന്റായും ചുമതലയേറ്റു.

### ഭരണസമിതി അംഗങ്ങൾ:

**വികസന കാര്യ ചെയർപേഴ്സൺ:** ശ്രീമതി. നളിനകുമാരി
**ക്ഷേമകാര്യ ചെയർമാൻ:** ശ്രീ. ജി. ജയകുമാർ
**ആരോഗ്യ-വിദ്യാഭ്യാസ ചെയർപേഴ്സൺ:** ബി. സുശീല
**വാർഡ് മെമ്പന്മാർ:** എൻ. എസ്. ഹാഷിം (തേവൻപാറ), അഷ്കർ തൊളിക്കോട് (ആനപ്പെട്ടി), ബിനിത മോൾ (വിനോബാനികേതൻ), രതികല (തച്ചൻകോട്), ലിജി എൽ. എസ്. (ചെട്ടിയാംപാറ), ഷീല (കണിയാരംകോട്), ഷിബു കെ. വി. (തൊളിക്കോട്), ഷംനാദ് (തൊളിക്കോട് ടൗൺ), വി. വിജയൻ (പനയ്ക്കോട്), ബിജു (ചായം), സജിത എം. പി. (തോട്ടുമുക്ക്).

© തൊളിക്കോട് ഗ്രാമപഞ്ചായത്ത് | ഔദ്യോഗിക വിവരശേഖരം